**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.64** — **28.10.2019-ൽ മറുപടിക്ക്**

**<u>കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനം</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. സി.മമ്മൂട്ടി** | | **പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
| (എ) | കാറ്റഗറി നം.113/2017 നമ്പരായി പി.എസ്.സി. നടത്തിയ വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനത്തിനുള്ള ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആറ് മാസമായിട്ടും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) | സമയബന്ധിതമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിയ്ക്കാത്തതുമൂലം ഉദ്യോഗാർത്ഥികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിയ്ക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളത്; ഇത് പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് പി.എസ്.സി. സ്വീകരിയ്ക്കാറുള്ളതെന്ന് അറിയിക്കാമോ; | (ബി) യും (സി) യും (ഡി) യും കമ്പനി/ബോർഡ്/ കോർപ്പറേഷനുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയുടെ സാധ്യതാ പട്ടികയിൽ ഉൾപ്പെട്ട പുരുഷ ഉദ്യോഗാർത്ഥികളുടെ സൈക്ലിംഗ് ടെസ്റ്റ് പൂർത്തിയായിട്ടുണ്ട്. 11451 അപേക്ഷകളുടെ സൂക്ഷ്മ പരിശോധന ത്വരിതഗതിയിൽ നടന്നുവരുന്നു. സൂക്ഷ്മ പരിശോധന പൂർത്തിയായാലുടൻ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിക്കുന്നതാണ്. |
| (സി) | ഈ തസ്തികയിലെ റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണ്; സമയബന്ധിതമായി റാങ്ക് ലിസ്റ്റ് തയ്യാറാക്കാത്തതിന് എന്തെങ്കിലും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | |
| (ഡി) | പ്രസ്തുത റാങ്ക് ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ